# മാരണക്കാരെയും മന്ത്രവാദികളെയും സമീപിക്കൽ

**ചോ:** യമനിന്റെ ചില ഭാഗങ്ങളിൽ സാദാത്തുകൾ എന്ന പേരിൽ അറിയപ്പെടുന്ന ചിലരുണ്ട് . അവർ മന്ത്രവാദം, ഗൂഢോത്രം തുടങ്ങിയ പ്രവർത്തനങ്ങളിൽ വ്യാപ്തരാണ്. ജനങ്ങളുടെ വിവധതരം രോഗങ്ങൾ സുഖപ്പെടുത്താൻ തങ്ങൾക്ക് സാധിക്കുമെന്ന് അവർ അവകാശപ്പെടുന്നു. അതിനുപുറമെ കഠാരകൾകൊണ്ട് സ്വന്തം ശരീരത്തെ മുറിവേൽപിക്കുക, നാവ് മുറിച്ചുകളയുക തുടങ്ങിയ പ്രവർത്തനങ്ങൽ ചെയ്ത ശേഷം അവയെ പൂർവ്വസ്ഥിതിയിലേക്ക് മടക്കുന്നു. അവരുടെ കൂട്ടത്തിൽ നമസ്ക്കരിക്കുന്നവരും അല്ലാത്തവരുമുണ്ട്, രോഗ ശമനത്തിന് വേണ്ടി പ്രാർത്ഥിക്കുമ്പോൾ അല്ലാഹുവിന്ന് പുറമെ ഒരു പൂർവ്വ പിതാവിനെയും അവർ വിളിച്ചുതേടുന്നു. പഴയ കാലത്ത് ആളുകൾ' അല്ലാഹുവിന്റെ വക്താക്കൾ ' എന്ന നിലക്ക് അവരെ അസാധാരണ മനുഷ്യരായി ഗണിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. പക്ഷെ, ഇപ്പോൾ വിദ്യാഭ്യാസമുള്ളവരും ചില യുവാക്കളും അവരെ തള്ളിപ്പ

റയുന്നു. അറിവില്ലാത്തവരും വയോജനങ്ങളും ഇപ്പോഴും അവരെ ആദരിക്കുന്നുമുണ്ട്. ഈ വിഷയത്തിലുള്ള ഇസ്ലാമിക വിധി അറിയിച്ചുതരുവാൻ അപേക്ഷിക്കുന്നു.

ഉ : ഇവർ ദുഷിച്ച പ്രവർത്തനങ്ങൾ നടത്തുന്ന സൂഫികളിൽ പെട്ടവരാണ്. അവർ അദൃശ്യജ്ഞാനം വാദിക്കുകയും ജിന്നുസേവ നടത്തുകയും ജനങ്ങളെ ചൂഷണത്തിന്ന് വിധേയരാക്കുകയും ചെയ്യുന്നു. നബി((സ) പറഞ്ഞു: ആരെങ്കിലും ജോത്സ്യനെ സമീപിച്ചാൽ 40 ദിവസത്തെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല. കൂടാതെ ഇവർ സിഹ്ർ ചെയ്യുന്നവരുമാണ്. മൂസാ (അ)യുടെയും ഫിർഔനിന്റെയും ചരിത്രം വിവരിക്കുന്ന സന്ദർഭത്തിൽ സിഹ്ർകാരെക്കുറിച്ച് അല്ലാഹു പറയുന്നു.

قـــال القـــوا فلما القوا سحـــروا اعين الناس واستر هبوهم

وجاءوا بسحر عظيم ـــ(اعراف ـــ 116 )

മൂസാ പറഞ്ഞു : " നിങ്ങൾ ഇട്ടുകൊള്ളുക, അങ്ങിനെ അവർ ഇട്ടപ്പോൾ അവർ ആളുകളുടെ കണ്ണ് കെട്ടുകയും അവർക്ക് ഭയമുണ്ടാക്കുകയും ചെയ്തു അവർ വമ്പിച്ച ജാലവിദ്യയാണ് കൊണ്ടുവന്നത് (അഅ്റാഫ് :116)

അവർ അല്ലാഹുവേതരരോട് പ്രാർത്ഥിക്കുകയും തങ്ങളുടെ പൂർവ്വീകർക്ക് പ്രാർത്ഥനകൾക്ക് ഉത്തരം ചെയ്യാൻ കഴിയുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. പ്രപഞ്ചനിയന്ത്രണത്തിലും സംവിധാനത്തിലും അവർക്ക് പങ്കുണ്ടെന്നും രോഗങ്ങൾ സുഖപ്പെടുത്താൻ കഴിയുമെന്നും അവർ വാദിക്കുന്നു. ഇതെല്ലാം സത്യനിഷേധവും കൊടിയ ശിർക്കുമാകുന്നു. ഇവരെ ഒരു മുസ്ലിം വിശ്വസിക്കുകയോ അവരോട് പ്രശ്ന പരിഹാരം ആരായുകയോ ചെയ്യാവതല്ല. കാരണം അവരുടെ പ്രവർത്തനങ്ങളിൽ ബഹുദൈവ വിശ്വാസവും ജോത്സ്യവും മന്ത്രവാദവുമെല്ലാം കൂടിക്കലർന്നിരിക്കുന്നു. അവർ തങ്ങളുടെ പൂർവ്വീകരെന്നോ വലിയ്യുകളെന്നോ വാദിക്കുന്നവരോട് സഹായം തേടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കഠാര കൊണ്ട് ശരീരത്തിൽ മുറിപ്പെടുത്തുകയും പിന്നീടത് പൂർവ്വസ്ഥിതിയിലാക്കുകയും



ചെയ്യുന്നത് ജാലവിദ്യയും തട്ടിപ്പുമാണ്. അവയെല്ലാം ഇസ്ലാം വിരോധിച്ച സിഹ്റുകളുടെ വൃത്തത്തിൽ ഉൾപ്പെടുന്നു. ഫിർഔനിനെ സഹായിച്ച ഇത്തരം ജാലവിദ്യക്കാരെക്കുറിച്ച് ഖുർആൻ പറയുന്നു:

يخيل اليه من سحرهم انّها تسعى ـــ(طه ـــ 66 )

' അവരുടെ ജാലവിദ്യ നിമിത്തം (അവരുടെ കയറുകളും വടികളുമെല്ലാം ) ഓടുകയാണെന്ന് അദ്ദേഹത്തിന് (മൂസ(അ)ന്) തോന്നുന്നു.'

സിഹ്ർ, മന്ത്രവാദം, ജോത്സ്യം, അദൃശ്യജ്ഞാനം, അല്ലാഹുവേതരോടുള്ള പ്രാർത്ഥന, തുടങ്ങിയ വിവിധ ഇനം കുഫ്റുകളിലും ശിർക്കുകളിലും ഇവർ അകപ്പെട്ടിരിക്കുന്നു. ഇവരെ ബഹിഷ്ക്കരിക്കേണ്ടത് സാമൂഹ്യ ബാധ്യതയാണ്. ഉത്തരവാദപ്പെട്ടവർ ഇവരുടെ പ്രവർത്തനങ്ങൾക്ക് തടയിടേണ്ടതാണ് .

## ജിന്ന് സേവയും ചികിത്സയും

**ചോ:** മന്ത്രവാദത്തിലൂടെ ചികിത്സിക്കുമെന്ന് അവകാശപ്പെടുന്ന ഒരാളുടെ അടുക്കൽ ഞാൻ പോയി. അയാൾ എന്നോട് എന്റേയും പിതാവിന്റേയും പേർ എഴുതി നൽകാൻ ആവശ്യപ്പെടുകയും അടുത്ത ദിവസം വരാൻ നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് അടുത്തദിവസം ചെന്നപ്പോൾ എനിക്ക് ചില പ്രത്യേകതരം രോഗങ്ങൾ ബാധിച്ചിട്ടുണ്ടെന്നും അതിനുള്ള ചികിത്സാമാർഗങ്ങൾ അയാൾ പറയുകയും ചെയ്തു. അല്ലാഹുവിന്റെ വചനങ്ങൾ കൊണ്ടാണ് താൻ ചികിത്സിക്കുന്നതെന്ന് അയാൾ അവകാശപ്പെടുന്നു. ഇത്തരം ചികിത്സാ രീതിയെക്കുറിച്ചുള്ള ഇസ്ലാമിന്റെ വിധി എന്ത്?

ഉ: അദൃശ്യജ്ഞാനം വാദിക്കുകയോ ജിന്നുസേവ നടത്തുകയോ ചെയ്യുന്നവനെ സമീപിക്കുകയോ അവർ പറയുന്ന കാര്യങ്ങൾ വിശ്വസിക്കുകയോ ചെയ്യാവതല്ല. രാശിനോക്കൽ, കളംവരക്കൽ, ചീട്ടെടുക്കൽ, രോഗിയുടേയും ബന്ധുക്കളുടേയും പേർ വിവരമന്വേഷിച്ച് രോഗനിർണ്ണയം നടത്തൽ, എന്നിവയെല്ലാം ജ്യോത്സ്യരുടെ ലക്ഷണങ്ങളാണ്. ഇവരെ സമീപിക്കുന്നത് നബി (സ) വിരോധിച്ചിട്ടുണ്ട്. ഖുർആൻ കൊണ്ട് ചികിത്സിക്കുന്നവരാണെന്ന് അവർ വാദിച്ചാലും അവരെ വിശ്വസിക്കാൻ പാടില്ല. വഞ്ചനയും തട്ടിപ്പും മാത്രമാണ് അവരുടെ മുഖമുദ്ര.